എസ്.സി./എസ്.ടി. കോളനികളിൽ സൗരോർജ്ജ വിളക്ക് നല്കാൻ നടപടി

15 (2966) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിസ്മം, അറയാഞ്ഞിലിമൺ എന്നീ എസ്.സി.എസ്.റ്റി. കോളനികളിൽ സൗരോർജ്ജ വിളക്ക് നല്കുവാൻ എന്തൊക്കെ പ്രാഥമിക നടപടികളാണ് അനെർട്ട് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് സൗരോർജ്ജ വിളക്ക് നല്കുവാൻ വൈകുന്നതിന്റെ കാരണം വിശദീകരിക്കാമോ ;

(സി) മീനാർ, കൊച്ചുപമ്പ, ഗവി-കൊടും വനത്തിനുള്ളിൽ അധിവസിക്കുന്ന നൂറിൽപ്പരം എസ്.സി. കുടുംബങ്ങൾക്ക് സൗരോർജ്ജ വിളക്ക് നല്കുവാൻ അനെർട്ട് പ്രാഥമിക പരിശോധനകൾ നടത്തിയിട്ടുണ്ടോ ;

(ഡി) തുടർന്ന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; ഈ കുടുംബങ്ങൾക്ക് സൗരോർജ്ജ വിളക്ക് നല്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സൗരോർജ്ജ വൈദ്യുതീകരണ പദ്ധതിയുടെ രണ്ടാംഘട്ട സംസ്ഥാനാടിസ്ഥാനത്തിലുള്ള ഗുണഭോക്തൃ ലിസ്റ്റ് 3/2002-ൽ തയ്യാറാക്കുകയും അതനുസരിച്ച് പദ്ധതി നടത്തിപ്പിനായുള്ള ശ്രമങ്ങൾ ആ മാസം തന്നെ പൂർത്തീകരിക്കുകയും ചെയ്തു. 11/02-ൽ പൂർത്തീകരിക്കപ്പെടേണ്ടതായ ടി പരിപാടിയിൽ കിസ്മം, അറയാഞ്ഞിലിമൺ എന്നീ പട്ടികവർഗ്ഗ കോളനികളെ കൂടി ഉൾപ്പെടുത്തണമെന്ന റാന്നി-പെരിനാട് പഞ്ചായത്ത് തീരുമാനം 09-08-2002-ൽ ആണ് ഉണ്ടായത്. ഈ സാഹചര്യത്തിൽ മേൽ കോളനികളെ അനെർട്ടിന്റെ രണ്ടാംഘട്ട സൗരോർജ്ജ വൈദ്യുതീകരണ പരിപാടിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല.

(സി) ഉണ്ട്.

(ഡി) ഇത്തരം കോളനികളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠന റിപ്പോർട്ട് അനെർട്ട് തയ്യാറാക്കുന്നതാണ്. കൂടാതെ ഈ പദ്ധതിയുടെ അടുത്ത ഘട്ടത്തിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറക്ക് കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി സൗരോർജ്ജ വിളക്കുകൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. ത്രിതല പഞ്ചായത്തുകൾ, എസ്.സി.എസ്.റ്റി ഡെവലപ്പ്മെന്റ് വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടുകൂടി സൗരവൈദ്യുതി പ്രദാനം ചെയ്യുന്നതിന് ഒരു പരിപാടി വിഭാവനം ചെയ്തു വരുന്നുണ്ട്. കേന്ദ്ര സർക്കാർ അനുമതി തരുന്ന പക്ഷം അതിൽ ഉൾപ്പെടുത്തി കേന്ദ്രവിഹിതം കഴിച്ചുള്ള തുക അടച്ച് ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly